## പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 2911**  **13/03/2018-ൽ മറുപടിയ്ക്ക്**

### വെറ്റിലപ്പാറയിലെ പ്ലാന്റേഷൻ കോർപ്പറേഷന്റെ സ്ഥലം ഉപയോഗിക്കുന്നതിന് അനുമതി

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ.ബി.ഡി. ദേവസ്സി | ശ്രീ. വി.എസ്. സുനിൽകുമാർ<br>(കൃഷി വകുപ്പ് മന്ത്രി) |

**(എ)** കിഫ്ബിയിൽ ഉൾപ്പെടുത്തി നടപ്പാക്കുന്നതിനായി അനുമതി ലഭിച്ചിട്ടുള്ള ചാലക്കുടി മണ്ഡലത്തിലെ കോടശ്ശേരി-പരിയാരം-അതിരപ്പിള്ളി പഞ്ചായത്തുകൾക്ക വേണ്ടിയുള്ള ശുദ്ധജല വിതരണ പദ്ധതിക്കായി, കിണർ, പമ്പ് ഹൗസ് എന്നിവ സ്ഥാപിക്കുന്നതിന് വെറ്റിലപ്പാറയിലെ പ്ലാന്റേഷൻ കോർപ്പറേഷന്റെ സ്ഥലം ഉപയോഗിക്കുന്നതിന് അനുമതി നല്കണമെന്ന അപേക്ഷയിൽ നടപടി സ്വീകരിച്ചിട്ടുണ്ടോ;

**(ബി)** അനുമതി ഉടൻ നൽകുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ?

**(എ) & (ബി)** കിഫ്ബി ധനസഹായത്തോടെ ചാലക്കുടിയിൽ വെറ്റിലപ്പാറ വഞ്ചിക്കടവ് സ്രോതസ്സായി ഒരു ശുദ്ധജല വിതരണ പദ്ധതി നടപ്പാക്കുന്നതിന് വനം വകുപ്പിൽ നിന്നും പാട്ടത്തിന് എടുത്തിട്ടുള്ളതും പ്ലാന്റേഷൻ കോർപ്പറേഷന്റെ അധീനതയിൽ ഉള്ളതുമായ ഓയിൽ പാം എസ്റ്റേറ്റിൽ വഞ്ചിക്കടവിലുള്ള 15 സെന്റ് സ്ഥലം ആവശ്യപ്പെട്ടിരുന്നു.

മേൽ സ്ഥലം ലഭ്യമാക്കുന്നതിന് വനം വകുപ്പിന്റെ അനുമതി ആവശ്യമാണ്. പ്ലാന്റേഷൻ കോർപ്പറേഷനിൽ നിന്നും അനുമതി ലഭ്യമാക്കുന്നതിനുള്ള നടപടികൾ പ്ലാന്റേഷൻ കോർപ്പറേഷൻ സ്വീകരിച്ചുവരുന്നു.

Manoj M

സെക്ഷൻ ഓഫീസർ